(c) പട്ടയദാരന്മാരുടെ എണ്ണം മാത്രം പ്രമാണിച്ചല്ല വില്ലുള്ളകളെ സംബ്ധിച്ചുള്ള സെറ്റിൽമെന്റ് കാലത്ത് തിരിച്ചിട്ടുള്ളത്.

Loans granted to people by the Sirkar.

Mr. I. E. AMBOOKEN.

213. Will the Government be pleased to place on the table statistics showing the amount that has been granted by the Sirkar as loans to the people of each taluk in the last five years, and the amount that has to be repaid by them at present?

RAO SAHIB Mr T. V. KASTURI RANGA AYYAR.

A statement containing the information is laid on the table. (*Vide Appendix IV.*)

The Report regarding the renewal of Cochin lands in British territory.

Mr. A. EACHARA MENON.

214. Will the Government be pleased to place on the table the report of the Diwan Peishkar submitted prior to the renewal and consequent commutation of fees of Cochin lands in British territory in 1098?

RAO SAHIB Mr. T. V. KASTURI RANGA AYYAR.

Government consider that no public purpose will be served by complying with the request.

Fishery Administration.

മിസ്റ്റർ കെ. പി. കറപ്പൻ.

215 ഈസംസ്ഥാനത്തിലെ ഫിഷറി ഡീപ്പാർട്ടുമെന്റിലെ പ്രാരംഭഘട്ടത്തിൽ ഫിഷറി ഇൻവെസ്റ്റിഗേഷൻ ഓഫീസറായിരുന്ന മിസ്റ്റർ എ. ബി. സേലം ഗവർമ്മെന്റിലേക്ക് എഴുതി സമർപ്പിച്ച റിപ്പോർട്ടിന്റെ പ്രാരംഭഘട്ടത്തിൽ

"This department is to be established for the purpose of improving the unfortunate lot of the fisherfolk of Cochin, of obtaining larger quantities of fish for the consumption of the subjects of the State and introducing up-to-date and improved methods of fishing and not with the object of deriving some means for increasing the revenues of the State."

എന്നിപ്രകാരം പ്രതിവാദിച്ചിരിക്കുന്നതിനെ സംബന്ധിച്ച് ആ പ്രതിവാദത്തെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ഗവർമ്മെന്റ് ശ്രമിച്ചിട്ടുണ്ടോ?

റാവു സാഹിബ് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.

മത്സ്യവ്യവസായത്തിന്റേയും മത്സ്യബന്ധനക്കാരുടേയും അഭിവൃദ്ധി അതിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ഉത്സാഹത്തെങ്ങും യത്നശേഖരം കൊണ്ടും ഉണ്ടാകേണ്ടതാണെന്നും വ്യവസായശാലകൾ നിർമ്മിക്കുന്നതിന് വേണ്ട ഭൂമി പതിച്ചു കൊടുക്കൽ, കരം ഒഴിവാക്കി കൊടുക്കൽ, വ്യവസായാവശ്യമായി വേണ്ടിവരുന്ന യന്ത്രങ്ങൾ മുതലായവ വാങ്ങുന്നതിലേക്ക് കടംവാങ്ങി കൊടുക്കൽ മുതലായ

LIBRARY ARCHIVES Kerala Legislative Assembly

കായ്ങ്ങളിൽ വേണ്ട സഹായങ്ങളും ഉത്തേജകങ്ങളും ചെയ്യുവാനെ ഗവർമ്മെണ്ടിനു് സാധിക്കയുള്ളൂ എന്നും ഇപ്രകാരമുള്ള സഹായങ്ങളെ അപേക്ഷിക്കേണ്ടതു് ഈ വ്യവസായംകൊണ്ടു് ഗുണമുണ്ടാകേണ്ടവരുടെ ചുമതലയാണെന്നും മിസ്റ്റർ സേലത്തിന്റെ റിപ്പോർട്ടു് സംബന്ധിച്ചു് ഗവർമ്മെണ്ടു് പാസ്സാക്കിയ പ്രൊസീഡിംങ്ങ്സിൽ അന്നുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അപ്രകാരം ഗവർമ്മെണ്ടിന്റെ സഹായം ആരും ആവശ്യപ്പെട്ടിട്ടില്ല.

Help rendered by the Government to the fisher-folk of the State.

മിസ്റ്റർ കെ. പി. കറപ്പൻ.

216 ബ്രിട്ടീഷു് മലബാറിലെയും തിരുവതാംകൂറിലെയ്ക്കും മത്സ്യബന്ധനക്കാർക്കു് അവിടത്തെ ഗവർമ്മെണ്ടു് നിരന്തരം ചെയ്തുകൊടുക്കുന്ന സഹായങ്ങളെപ്പോലെ ഇവിടത്തെ അരയന്മാർ, വാലന്മാർ മുതലായ വർഗ്ഗക്കാർക്കു് മത്സ്യബന്ധനരീതിയെയും മത്സ്യക്കച്ചവടങ്ങളേയും പരിഷ്കരിച്ചു് അവരവരുടേയും സംസ്ഥാനത്തിന്റേയും സ്ഥിതിയെ ഉൽകൃഷ്ടിപ്പിക്കുവാൻ ഗവർമ്മെണ്ടിൽനിന്നും എന്തെല്ലാം ചെയ്തിട്ടുണ്ടു്?

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.

മത്സ്യവ്യവസായത്തെ പരിഷ്കരിക്കുന്നതിനു് ഗവർമ്മെണ്ടിന്റെ നയം ടി വ്യവസായത്തിൽ ഏർപ്പെട്ടവർക്കു് ന്യായമായ സഹായങ്ങൾ അവർ ആവശ്യപ്പെട്ടാൽ ചെയ്തുകൊടുക്കുക എന്നാകുന്നു. ഗവർമ്മെണ്ടുസഹായം ഏതെല്ലാം തരത്തിൽ വേണ്ടതാണെന്നു് ചൂണ്ടിക്കാണിച്ചു് യാതൊരപേക്ഷകളും അടുത്തകാലങ്ങളിൽ കിട്ടുകയുണ്ടായിട്ടില്ല.

The export of fish products to foreign countries.

മിസ്റ്റർ കെ. പി കറപ്പൻ.

217. ഈ സംസ്ഥാനത്തിൽ നിന്നു് എത്ര ലക്ഷം ഉറുപ്പികയുടെ മത്സ്യാല്പന്നങ്ങൾ പുറംരാജ്യങ്ങളിലേക്കു് കയറി അയക്കപ്പെടുന്നുണ്ടെന്നും അതിന്റെ ആദായങ്ങൾ അനുഭവിക്കുന്നതു് ആരെല്ലാമാണെന്നും ഗവർമ്മെണ്ടു് സദയം അന്വേഷിച്ചിട്ടുണ്ടോ?

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.

ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ മിസ്റ്റർ സേലത്തിന്റെ റിപ്പോർട്ടിൽ ഉണ്ടു്. റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു് വെച്ചിട്ടുണ്ടു്.

Particulars of the help rendered by the Government to persons who were affected by the floods of 1099.

മിസ്റ്റർ കുപ്പിങ്ങാട്ടു് ശങ്കരൻ നമ്പൂതിരി.

218. (a) ജലപ്രളയം നിമിത്തം കൃഷിസ്ഥലങ്ങൾക്കു് നഷ്ടപ്പെട്ടുള്ള കേടുകൾ തീർക്കുവാനും നശിച്ചുപോയ വീടുകൾ നിർമ്മിക്കുവാനുമായി IICO-ൽ വല്ല സംഖ്യയും ഗവർമ്മെണ്ടു് കടം കൊടുത്തിട്ടുണ്ടോ?

(b) ഉണ്ടെങ്കിൽ താഴെ ചേർക്കുന്ന സംഗതികൾ അറിയത്തക്കവിലത്തിലുള്ള ഒരു സ്റ്റേറ്റുമെണ്ടു് സദയം മേശപ്പുറത്തു് വെക്കുമോ?

I. അപേക്ഷിച്ചവരുടെ പേർ,

LIBRARY ARCHIVES Kerala Legislative Assembly